

ജീവിതത്തിൽ
സുരക്ഷിതത്വം
ഉണ്ടായെന്നുവരില്ല;
ജീവിതം
ജീവിക്കാനുള്ളതാണ്.


# ജീവിതയാത്ര

ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം

JEEVITHA YATRA

Jan- April 2009 Rs.2/- Vol. 4 Issue 2

Krishnamurti Foundation India


# നിങ്ങൾ ഹിംസയുടെ ഭയങ്കര വിപത്തിനെ കാണുന്നില്ല !

ഇന്ന് രാവിലെ, നാം എന്തിനെപ്പറ്റി ചർച്ച ചെയ്യാം? ചർച്ച എന്നു പറയുന്നത് ശരിയല്ല. അതൊരു സംഭാഷണമാണ്. അഭിപ്രായങ്ങൾ നമ്മെ എവിടെയും എത്തിക്കുകയില്ല. ബുദ്ധിപരമായ അഭ്യാസങ്ങൾക്ക് അർത്ഥമില്ല. കാരണം അഭിപ്രായങ്ങൾ, അഥവാ ആശയങ്ങൾ കൈമാറുന്നതിലൂടെ, സത്യം കണ്ടെത്താനാവില്ല. അതിനാൽ, നാം ഏതെങ്കിലും പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ടെങ്കിൽ, അത് ബുദ്ധിപരമോ വൈകാരികമോ ആയ തലത്തിലായിരിക്കരുത്.

*ചോദ്യകർത്താവ്: കമ്യൂണിസത്തിനെതിരായ യുദ്ധം ഒരു നിലക്ക്, ന്യായീകരിക്കാവുന്നതാണ്. എന്റെ നിഗമനം, ശരിയോ, തെറ്റോ എന്ന് താങ്കളിൽ നിന്ന് അറിയണമെന്നുണ്ട്. താങ്കൾ ഒരുകാര്യം ഓർക്കണം. ഞാൻ പത്തുകൊല്ലം കമ്യൂണിസ്റ്റ് ഭരണത്തിൻകീഴിൽ ജീവിച്ചു. ഞാൻ റഷ്യൻ കോൺസൻട്രേഷൻ കേമ്പിലായിരുന്നു; ഒരു കമ്യൂണിസ്റ്റ് ജയിലിലും കിടന്നിട്ടുണ്ട്. അവർക്ക് അധികാരത്തിന്റെ ഭാഷ മാത്രമേ അറിയൂ എന്റെ ചോദ്യം ഇതാണ്: ഈ യുദ്ധം, സ്വയം രക്ഷയ്ക്കുവേണ്ടിയാണോ അല്ലയോ?*

കൃഷ്ണമൂർത്തി: യുദ്ധം തുടങ്ങിവെയ്ക്കുന്ന ഓരോ കക്ഷിയും പറയുന്നത്, യുദ്ധം ആത്മരക്ഷക്കു വേണ്ടിയാണെന്നാണ്. എല്ലാകാലത്തും യുദ്ധം ഉണ്ടായിട്ടുണ്ട്. ആക്രമണപരം. അല്ലെങ്കിൽ പ്രതിരോധപരം. നൂറ്റാണ്ടുകളിലൂടെ പൈശാചികയുദ്ധങ്ങൾ ഉണ്ടായിട്ടുണ്ട്. നിർഭാഗ്യവശാൽ വിദ്യാസമ്പന്നരും, സംസ്കൃതരുമെന്ന് അവകാശപ്പെടുന്ന നമ്മൾ, പൈശാചികമായ ഈ കശാപ്പിൽ പങ്കാളികളാകുന്നു. അതിനാൽ, മനുഷ്യന്റെ ഉള്ളിലുള്ള അക്രമവാസനയെക്കുറിച്ച് നമുക്ക് ചർച്ചചെയ്യാൻ കഴിയുമോ? 'യാതൊരു കാരണവശാലും, ഹിംസിക്കരുത്'. എന്നു പറഞ്ഞവരുണ്ടായിരുന്നു. അതിനർത്ഥം, അക്രമാസക്തരായ ആളുകളുടെ ഇടയ്ക്ക്, സമാധാനപരമായി ജീവിക്കുക എന്നാണ്. അതായത്. അക്രമത്തിനും, ഹിംസക്കും. മൃഗീയതയ്ക്കും നടുവിൽ ഒരു മൂലബിന്ദു (nucleus). ഹിംസ പലതരത്തിലുണ്ട്; പൂർവ്വാർജ്ജിത ഹിംസ, സംസ്കാരസമ്പന്നമായ ഹിംസ, ആത്മരക്ഷക്കുവേണ്ടിയുള്ള ഹിംസ, മത്സരപ്രധാനമായ ഹിംസ, മറ്റൊരാളാവാൻ ശ്രമിക്കുമ്പോഴുള്ള ഹിംസ, മനസ്സിന്, എങ്ങനെ, ഇത്തരം അക്രമവാസനകളിൽ നിന്ന് വിമുക്തമാവാൻ കഴിയും?

ഹിംസ പലതരത്തിലുണ്ട്. നാം ഓരോന്നിനെക്കുറിച്ചും ചിന്തിക്കണോ? അതോ സമഗ്രമായി അന്വേഷിക്കേണ്ടതുണ്ടോ? ഹിംസയുടെ ഏതെങ്കിലും ഒരംശമല്ലാതെ, പൂർണ്ണമായ വർണരാജിയെ നമുക്ക് കാണാൻ കഴിയുമോ?

അക്രമത്തിന്റെ ഉത്ഭവസ്ഥാനം, 'ഞാൻ' എന്ന ഭാവമാണ്. അത് പല തരത്തിൽ പ്രകടിപ്പിക്കപ്പെടുന്നു – വേർതിരിക്കപ്പെടുമ്പോൾ, മറ്റൊന്നാവാൻ ശ്രമിക്കുമ്പോൾ. അതായത് 'ഞാൻ', 'ഞാനല്ലാത്തത്'. ബോധം, അബോധം എന്നിങ്ങനെ വേർതിരിക്കപ്പെടുമ്പോൾ. കുടുംബത്തിന്റെ സമൂഹത്തിന്റെ ഭാഗമായ

☞ 2

# കോപം ചേർത്ത് വെയ്ക്കാതിരിക്കുമ്പോൾ മാപ്പിന്റെ ആവശ്യം വരുന്നില്ല

ആ ഉയരത്തിലും ചൂടു തുളഞ്ഞു കയറുകയായിരുന്നു. ജനൽപാളികൾ തൊടുമ്പോൾ പൊള്ളിയിരുന്നു. ആശ്വാസപ്രദമായിരുന്നു വിമാനത്തിലെ യന്ത്രങ്ങളുടെ ക്രമമായ മൂളൽ. യാത്രക്കാരിൽ പലരും ഉറക്കം തൂങ്ങിക്കൊണ്ടിരുന്നു. ഭൂമി ഞങ്ങളിൽ നിന്ന് വളരെതാഴെ ചൂടിൽ തിളങ്ങിക്കിടന്നു – അവസാനമില്ലാത്ത തവിടുനിറം; ഇടയ്ക്കു പച്ചപ്പിന്റെ തുരുത്തുകൾ. ഇതാ ഞങ്ങൾ ഭൂമിയിലിറങ്ങി. ചൂട് അസഹ്യമായിത്തീർന്നു. ശരിക്കും വേദനാജനകമായിരുന്നു അത്. കെട്ടിടത്തിന്റെ നിഴലിൽപ്പോലും തലപൊട്ടിത്തെറിക്കുമെന്നുതോന്നുംവിധം വിങ്ങലനുഭവപ്പെട്ടു. വേനലിന് മൂപ്പെത്തിയിരുന്നു. ആ പ്രദേശം ഏറെക്കുറെ മരുഭൂമിയായി മാറി. ഞങ്ങൾ വീണ്ടും പറക്കാൻ തുടങ്ങി. തണുത്തകാറ്റും തേടി വിമാനം മുകളിലേക്കു പറന്നുയർന്നു. എതിരെയുള്ള ഇരിപ്പിടങ്ങളിൽ രണ്ടു പുതിയ യാത്രക്കാരാണുണ്ടായിരുന്നത്. അവർ ഉറക്കെ സംസാരിച്ചുകൊണ്ടിരുന്നു; അവർ പറയുന്നതു ശ്രദ്ധിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. അവർ ശാന്തമായാണ് സംഭാഷണം ആരംഭിച്ചത്. പക്ഷേ വേഗം തന്നെ കോപം – പരിചയത്തിന്റെയും അനിഷ്ഠത്തിന്റെയും കോപം – അവരുടെ ശബ്ദത്തിൽ നുഴഞ്ഞുകയറി. ക്രോധപ്രകടനത്തിനിടെ അവർ മറ്റു യാത്രക്കാരെ മറന്നതായി തോന്നി. തങ്ങളല്ലാതെ മറ്റാരും ഇല്ലെന്ന ഭാവത്തിൽ അവർ പരസ്പരം കലഹിച്ചു.

☞ 3

ഞാനുണ്ട്; കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഭാഗമല്ലാത്ത ഞാനുമുണ്ട്. ഒരു തടാകത്തിൽ കല്ലെറിയുന്നതു പോലെയാണത്: ഓളങ്ങൾ നാലുഭാഗത്തേക്കും, അകന്നകന്നു പോകുന്നു. അതിന്റെ മദ്ധ്യബിന്ദുവാണ്, 'ഞാൻ' സ്ഥൂലരൂപത്തിലോ, സൂക്ഷ്മരൂപത്തിലോ, 'ഞാൻ' ജീവിച്ചിരിക്കുന്നിടത്തോളംകാലം, അക്രമവാസനയും ഉണ്ടായിരിക്കും.

'ഹിംസയുടെ മൂലകാരണം എന്ത്?' എന്നു ചോദിക്കുന്നത്, കാരണം കണ്ടെത്താൻ ശ്രമിക്കുന്നത്, ഭയത്തെ, ഒഴിവാക്കാനായിരിക്കണമെന്നില്ല.

ഞാൻ എന്തുകൊണ്ട് ക്രൂരനായി, എന്നറിയാൻ കഴിഞ്ഞിരുന്നുവെങ്കിൽ, അതോടെ സംഗതി അവസാനിക്കുമായിരുന്നു, എന്നു കരുതുന്നു. അതിനാൽ, ഞാൻ ആഴ്ചകളും, മാസങ്ങളും, കൊല്ലങ്ങളും, അന്വേഷണം നടത്തുന്നു; ഹിംസയുടെ, അക്രമത്തിന്റെ പല കാരണങ്ങളെക്കുറിച്ച്, വിദഗ്ധർ എഴുതിയ വിശകലനങ്ങൾ വായിക്കുന്നു. ഇതെല്ലാം കഴിഞ്ഞാലും വീണ്ടും ഞാൻ ഹിംസാലുവായിരിക്കുന്നു. ഹിസയെക്കുറിച്ച് കണ്ടെത്തിയ കാര്യങ്ങളിലൂടെയാണോ നാം അന്വേഷണം നടത്തുന്നത്? അതോ ഹിംസയെ, അതിന്റെ പൂർണ്ണതയിൽ നിരീക്ഷിക്കുമോ? അപ്പോൾ കാര്യം കാരണമായും, കാരണം കാര്യമായും കാണാവുന്നതാണ്. കാര്യവും കാരണവും വ്യക്തമായി വേർതിരിക്കപ്പെടുന്നില്ല. അതൊരു ചങ്ങല പോലെയാണ്. കാര്യം, കാരണമാകുന്നു; കാരണം കാര്യമാകുന്നു. അനിശ്ചിതമായി, നാം ഈ മാർഗ്ഗമാണ് സ്വീകരിക്കുന്നത്. എന്നാൽ ഹിംസയുടെ പ്രശ്നങ്ങളെ പൂർണ്ണമായും നിരീക്ഷിച്ചാൽ, അതിന് അന്ത്യമുണ്ടെന്ന് കാണാൻ കഴിയും.

നാം ഒരു സമൂഹത്തെ സൃഷ്ടിച്ചിട്ടുണ്ട്. അത് ഹിംസാത്മകമാണ്. കാരണം, മനുഷ്യരായ നാമെല്ലാം അക്രമവാസനയുള്ളവരാണ്. നമ്മുടെ പരിസ്ഥിതിയും, നാം ജീവിക്കുന്ന സംസ്ക്കാരവും, നമ്മുടെ പരിശ്രമങ്ങളുടെ, സമരങ്ങളുടെ, ദുഃഖങ്ങളുടെ, ക്രൂരകളുടെ ഫലമാണ്. അതിനാൽ മുഖ്യമായ ചോദ്യം ഇതാണ്: നമ്മിലുള്ള ഈ ഭീഷണമായ ഹിംസാത്മകതയെ ഇല്ലാതാക്കാൻ കഴിയുമോ? അതാണ് യഥാർത്ഥചോദ്യം.

***ചോദ്യകർത്താവ്: അക്രമവാസനയെ, രൂപാന്തരപ്പെടുത്താൻ കഴിയുമോ?***

കൃഷ്ണമൂർത്തി: ഹിംസ, ഒരുതരം ഊർജ്ജമാണ്. ഊർജ്ജം ഒരു പ്രത്യേക രീതിയിൽ ഉപയോഗിക്കുമ്പോൾ അക്രമമായിത്തീരുന്നു. എന്നാൽ തൽക്കാലം, നാം ഹിംസയെ, രൂപാന്തരപ്പെടുത്താനോ, പരിവർത്തനം ചെയ്യാനോ ശ്രമിക്കുന്നില്ല. അതിനെ പൂർണ്ണമായും മനസ്സിലാക്കാനാണ് ശ്രമിക്കുന്നത്; അങ്ങനെ അതിൽ നിന്ന് മുക്തമാവാനും. മനസ്സ്, അതിനപ്പുറം പോയിട്ടുണ്ട്. പോയിട്ടുണ്ടോ ഇല്ലയോ എന്നതിന് പ്രസ്തിയില്ല. അതിന് സാദ്ധ്യമാണോ? അതിനു സാദ്ധ്യമല്ലേ? അതിനു സാദ്ധ്യമാണ്. ഈ വാക്കുകൾ! ഒരാൾ ഹിംസയെക്കുറിച്ച്, എങ്ങനെ ചിന്തിക്കുന്നു? ഹിംസയെ എങ്ങനെ കാണുന്നു? ചോദ്യം ശ്രദ്ധിക്കുക: താൻ ഹിംസാലുവാണെന്ന് ഒരാൾ എങ്ങനെ അറിയും? ഒരാൾ ഹിംസാലുവായിരിക്കെ, താൻ ഹിംസാലുവാണെന്ന് അയാൾക്കറിയാമോ? എങ്ങനെയാണ് ഹിംസയെ തിരിച്ചറിയുന്നത്? അറിയുകയെന്നത് ഒരു സങ്കീർണ്ണ പ്രശ്നമാണ്. 'ഞാൻ നിങ്ങളെ അറിയുന്നു', എന്നു പറയുമ്പോൾ, ' ഞാനറിയുന്നു' എന്നതിന്റെ അർത്ഥമെന്ത്? ഞാൻ നിങ്ങളെ ഇന്നലെ, അല്ലെങ്കിൽ പത്തുവർഷം മുൻപ്, കണ്ടതുപോലെയാണ് അറിയുന്നത്. പത്തുകൊല്ലത്തിനിടക്ക്, ഞാനും നിങ്ങളും മാറിയിട്ടുണ്ട്. അതിനാൽ, നിങ്ങളെ അറിയില്ല. ഞാൻ കഴിഞ്ഞ കാലത്തിന്റെ പശ്ചാത്തലത്തിലാണ് നിങ്ങളെ അറിയുന്നത്. അതിനാൽ, എനിക്കൊരിക്കലും, 'നിങ്ങളെ ഞാനറിയും, എന്നു പറയാൻ വയ്യ. വളരെ ലളിതമായ ഈ സംഗതി. അറിഞ്ഞിരിക്കണം. അതിനാൽ എനിക്ക് ഇങ്ങനെ പറയാനേ കഴിയൂ: 'എനിക്ക് അക്രമവാസനയുണ്ടായിരുന്നു; എന്നാൽ ഇപ്പോൾ, എനിക്ക് അക്രമമെന്തെന്നു പോലും അറിയില്ല'. നിങ്ങൾ, എന്നോട്, വല്ലതും പറയുന്നു. അതെന്നെ പ്രകോപിപ്പിക്കുന്നു. ഒരു സെക്കന്റ് കഴിഞ്ഞ് നിങ്ങൾ പറയുന്നു: 'എനിക്കു ദേഷ്യം വന്നു? എന്നാൽ, ദേഷ്യം ഉണ്ടായ സമയം നിങ്ങളതിനെ തിരിച്ചറിയുന്നില്ല; പിന്നീട് മാത്രമാണ് അറിയുന്നത്. ഈ തിരിച്ചറിവിന്റെ ഘടനയെന്തെന്ന് പരിശോധിച്ചറിയണം. അറിയില്ലെങ്കിൽ, കോപത്തെ നൂതനമായി കാണാൻ കഴിയില്ല. എനിക്ക് കോപമുണ്ട്; എന്നാൽ ഒരു നിമിഷം കഴിഞ്ഞശേഷം മാത്രമാണ് ഞാനറിയുന്നത്. അറിയുന്നതാകട്ടെ, ഞാൻ കുപിതനായിരുന്നു എന്നു മാത്രമാണ്. സംഭവത്തിനുശേഷം മാത്രമാണ് ഞാനറിയുന്നത്. അല്ലെങ്കിൽ, അത് കോപമായിരുന്നുവെന്ന് ഞാനറിഞ്ഞിരുന്നില്ല. ഇവിടെ എന്തു സംഭവിച്ചുവെന്നു നോക്കുക: തിരിച്ചറിവ്, വാസ്തവികതത്തിൽ ഇടപെടുന്നു. ഞാനെപ്പോഴും, വർത്തമാനത്തിലെ വാസ്തവികതയെ, ഭൂതകാലവുമായി ബന്ധപ്പെടുത്തി, വ്യാഖ്യാനിക്കുന്നു.

അതിനാൽ ഒരാൾക്ക്, ഭൂതകാലവുമായി ബന്ധപ്പെടുത്താതെ, വ്യാഖ്യാനിക്കാതെ, നൂതനമായ മനസ്സുകൊണ്ടുള്ള പ്രതികരണത്തെ നേരിൽ കാണാൻ കഴിയുമോ? നിങ്ങളെന്നെ വിഡ്ഢിയെന്നു വിളിക്കുന്നു; എന്റെ ചോര തിളക്കുന്നു: 'നിങ്ങൾ മറ്റൊരുവിഡ്ഢിയാണ്', ഞാൻ പറയുന്നു. എന്നിൽ എന്തു സംഭവിച്ചു? വൈകാരികമായ ഉള്ളിൽ എന്തു സംഭവിച്ചു? എനിക്ക് എന്നെപ്പറ്റി, കൊള്ളാവുന്ന, ഗംഭീരമായ അഭികാമ്യമായ ഒരു ബിംബമുണ്ട്. ആ ബിംബത്തെയാണ് നിങ്ങൾ അപമാനിച്ചത്. പഴകിയ ആ ബിംബമാണ് പ്രതികരിച്ചത്. അതിനാൽ, അടുത്ത ചോദ്യം: കഴിഞ്ഞുപോയതിൽ നിന്നല്ലാതെ പ്രതികരണമുണ്ടാവില്ലേ? 'പഴയതും' പുതിയതുമായ വാസ്തവികതങ്ങൾക്കിടയിൽ ഒരിടവേളയുണ്ടാവില്ലേ? പുതിയത് സംഭവിക്കാൻ, പഴയത്, മാറിനിൽക്കുമോ? ഇവിടെയാണ് യഥാർത്ഥ പ്രശ്നമെന്നു ഞാൻ കരുതുന്നു.

***ചോദ്യകർത്താവ്: എന്താണ്, എന്തല്ല? എന്ന വേർപിരിവാണ്, ഹിംസ എന്നാണോ താങ്കൾ പറയുന്നത്?***

കൃഷ്ണമൂർത്തി: അല്ല. സാർ. നമുക്ക് വീണ്ടും തുടങ്ങാം. നാം ഹിംസാലുക്കളാണ്. മനുഷ്യൻ ഉണ്ടായകാലം മുതൽ, അവനിൽ അക്രമവാസനയുണ്ടായിട്ടുണ്ട്. ഇപ്പോഴും, അത് നിലനിൽക്കുന്നു. ഒരു മനുഷ്യനെന്ന നിലയിൽ, നിങ്ങൾക്ക് ഹിംസയെ മറികടക്കാൻ, അതിനെ പിന്നിടാൻ കഴിയുമോ എന്ന്, അന്വേഷിച്ചറിയണമെന്നുണ്ട്. അപ്പോൾ ഞാനെന്തു ചെയ്യണം? ഹിംസ, ലോകത്തിൽ എന്തെല്ലാം കെടുതികൾ വരുത്തിവെച്ചു? അതെങ്ങനെ പരസ്പരബന്ധങ്ങളെ തകർത്തു? അതെങ്ങനെ ഒരാളിൽ കഠിനമായ ദുഃഖമുണ്ടാക്കി? ഇവയെല്ലാം എനിക്കറിയാം. ഞാൻ സ്വയം പറയുന്നു. എനിക്ക്, യഥാർത്ഥമായ ഒരു സമാധാന ജീവിതം നയിക്കണം; അത് സ്നേഹസമ്പന്നമായിരിക്കണം. എല്ലാ ഹിംസാത്മകപ്രവണതകളും ഇല്ലാതാവണം. ഞാൻ ഇനി എന്തു ചെയ്യണം? ഒന്നാമതായി വേണ്ടത്, ഞാനതിൽ നിന്ന് രക്ഷപ്പെടരുത് അതുറപ്പാക്കണം. ഞാൻ ഹിംസാലുവാണെന്ന യാഥാർത്ഥ്യത്തിൽ നിന്ന് ഒളിച്ചോടരുത്. 'ഒളിച്ചോട്ടമെന്നാൽ, ഹിംസയെ നിരാകരിക്കലോ, നീതീകരിക്കലോ, പേർനൽകലോ ആണ്. പേര് നൽകുകയെന്നാൽ ഒരുതരത്തിലുള്ള നിഷേധമോ, നീതീകരണമോ ആണ്.

മനസ്സിനെ അക്രമമെന്ന യഥാർത്ഥ്യത്തിൽ നിന്ന് പിന്തിരിപ്പിക്കരുതെന്ന്, പ്രത്യക്ഷമായി ബോദ്ധ്യപ്പെടണം. അതിന്റെ കാരണം അന്വേഷിക്കേണ്ടതില്ല. കാരണത്തിന്ന് വിശദീകരണവുമാവശ്യമില്ല. നിഷേധിക്കുകയും, നീതീകരിക്കുകയും, പേരുനൽകുകയുമരുത്. ഇവയെല്ലാം ഭയമെന്ന യാഥാർത്ഥ്യത്തിൽനിന്ന് മനസ്സിനെ വ്യതിചലിപ്പിക്കലാണ്. എന്നാൽ അതിൽനിന്ന് രക്ഷപ്പെടാൻ സാധ്യമല്ലെന്ന്, മനസ്സിന് വ്യക്തമായ ബോധമുണ്ടായിരിക്കണം. 'ഞാനതിനെ ജയിക്കു'മെന്ന പിടിവാശിയും ആവശ്യമില്ല. ഇച്ഛാശക്തിയാണ് ഭയത്തിന്റെ സാരാംശം.

***ചോദ്യകർത്താവ് : അടിസ്ഥാനപരമായി, നാം ഹിംസയിൽ ഒരു ക്രമം കണ്ടെത്തി, അതിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നുണ്ടോ?***

കൃഷ്ണമൂർത്തി: ഇല്ല സാർ. എങ്ങനെയാണ് ഹിംസയിൽ ക്രമമുണ്ടാകു

ഒന്നാം പേജിൽ നിന്ന് തുടർച്ച

## കോപം ചേർത്ത് വെയ്ക്കാതിരിക്കുമ്പോൾ ...

കോപത്തിന് ഒറ്റപ്പെടുത്തുക എന്ന ഒരു പ്രത്യേക ഭാവമുണ്ട്. ദുഃഖത്തെപ്പോലെ അതും ഒരാളെ മറ്റുള്ളവരിൽ നിന്നു അകറ്റി നിർത്തുന്നു. തൽക്കാലത്തേക്കെങ്കിലും എല്ലാ ബന്ധങ്ങളും അവസാനിക്കുന്നു. കോപത്തിന് ഏകാകിയുടെ താല്ക്കാലികമായ ശക്തിയും ഊർജ്ജസ്വലതയും ഉണ്ടാകും. കോപത്തിൽ വല്ലാത്ത ഒരു നിരാശയുണ്ട്; ഏകാകിത നിരാശയാണ്. നിരാശ മൂലമുള്ള, അസൂയമൂലമുള്ള, ഹിംസാവാസന മൂലമുള്ള കോപം സ്വയം ന്യായീകരിക്കുന്നതിൽ സന്തോഷിക്കുന്ന മനോഭാവത്തെ ശക്തിയായി തുറന്നു വിടുന്നു. നമ്മൾ മറ്റുള്ളവരെ അധിക്ഷേപിക്കുന്നു; ആ അധിക്ഷേപം നമ്മെ ന്യായീകരിക്കലുമാണ്. ഏതെങ്കിലും തരത്തിലുള്ള ഒരു മനോഭാവമില്ലെങ്കിൽ – അതു സ്വയം അഭിമാനം കൊള്ളലാകാം, അല്ലെങ്കിൽ സ്വയം അധിക്ഷേപിക്കലാകാം – പിന്നെ നമ്മൾ എന്താണ്? സ്വയം ഉയർത്തിക്കാണിക്കാൻ നാം എല്ലാ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തുന്നു. കോപവും, വെറുപ്പിനെപ്പോലെ , അതിനുള്ള ഏറ്റവും എളുപ്പവഴികളിൽ ഒന്നാണ്. പെട്ടന്ന് ആളിക്കത്തുന്നതും വേഗം തണുക്കുന്നതുമാണ്. സാധാരണകോപം ; തികച്ചും വ്യത്യസ്തമായ ഒന്നാണ്. ബോധപൂർവ്വം വളർത്തിക്കൊണ്ടുവരുന്നതും ഉപദ്രവിക്കാനും നശിപ്പിക്കാനും ശ്രമിക്കുന്നതും ആയ കോപം. സാധാരണമായ കോപത്തിന് ശാരീരികമായ ചില കാരണങ്ങൾ ഉണ്ടാകാം; അതു കണ്ടെത്താനും പരിഹരിക്കാനും കഴിയും. പക്ഷേ മാനസികമായ കാരണങ്ങളിൽ നിന്ന് ഉയർന്നുവരുന്ന കോപം കൂടുതൽ നിശിതവും കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുള്ളതും ആണ്. നമ്മിൽ മിക്കവരും കോപിക്കുന്നതിൽ വിമുഖരല്ല; അതിന് എന്തെങ്കിലും കാരണം നാം കണ്ടെത്തുകയും ചെയ്യും. അന്യരുടെയോ നമ്മുടെ തന്നെയോ ഉപദ്രവം ഉണ്ടാകുമ്പോൾ നാം കോപിക്കാതിരിക്കുന്നതെന്തിന്? അതുകൊണ്ട്, ന്യായമായിത്തന്നെ നാം കോപിക്കുന്നു. നമുക്ക് ദേഷ്യമുണ്ടെന്നുപറഞ്ഞു നാം നിറുത്താറില്ല; അതിനുള്ള കാരണം നാം വിപുലമായ തോതിൽ വിശദീകരിക്കും. അസൂയപ്പെടുന്നുവെന്നോ വെറുക്കുന്നുവെന്നോ മാത്രം പറഞ്ഞ് അവസാനിപ്പിക്കാറില്ല; അതിന് ന്യായീകരണങ്ങളും വിശദീകരണങ്ങളും നൽകാൻ നാം മുതിരും. അസൂയകൂടാതെ എങ്ങനെയാണ് സ്നേഹം ഉണ്ടാകുക എന്ന് നമ്മൾ ചോദിക്കുന്നു; അല്ലെങ്കിൽ അന്യന്റെ പ്രവർത്തി നമ്മെ ദേഷ്യം പിടിപ്പിച്ചുവെന്നു നാം പറയും.

വിശദീകരണങ്ങളാണ് – അവ മൗനംകൊണ്ടായാലും വാക്കുകൊണ്ടായാലും – കോപത്തെ നിലനിർത്തുന്നതും അതിന് പരപ്പും ആഴവും നൽകുന്നതും. വിശദീകരണങ്ങൾ, അവ മൗനരൂപത്തിലായാലും വാഗ്‌രൂപത്തിലായാലും, നമ്മെ ഉള്ളപടി തിരിച്ചറിയുന്നതിന് തടസ്സമായിത്തീരുന്നു. സ്തുതിക്കപ്പെടാനോ പുകഴ്ത്തപ്പെടാനോ നാം ആഗ്രഹിക്കുന്നു; നാം എന്തെങ്കിലും ചിലതു പ്രതീക്ഷിക്കുന്നു. പക്ഷേ ആ പ്രതീക്ഷ സഫലമാകാതെ വരുമ്പോൾ നാം നിരാശരാകുന്നു; കോപിഷ്ഠരാകുന്നു; അസൂയാലുക്കളാകുന്നു. തുടർന്നു നാം സൗമ്യമായോ ശക്തമായോ അന്യനെ കുറ്റപ്പെടുത്തുന്നു; നമ്മുടെ കോപത്തിന് അയാളാണ് കാരണമെന്ന് നാം പറയുന്നു. നിങ്ങൾ ആയാൾക്കു വളരെ വേണ്ടപ്പെട്ട ഒരാളാണ്. എന്റെ സന്തോഷത്തിനും പദവിക്കും മാന്യതക്കും എല്ലാം ഞാൻ നിങ്ങളെ ആശ്രയിക്കുന്നു. നിങ്ങൾ വഴി ഞാൻ സംതൃപ്തി നേടുന്നു. അതിനാൽ എന്നെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട വ്യക്തിയാണ് നിങ്ങൾ. ഞാൻ നിങ്ങളെ സംരക്ഷിക്കണം. ഞാൻ നിങ്ങളെ സ്വന്തമാക്കണം. നിങ്ങളിലൂടെ ഞാൻ എന്നിൽ നിന്നു രക്ഷപ്പെടുന്നു. പക്ഷേ നിങ്ങൾ എന്നിലേക്കുതന്നെ മടങ്ങിയെത്തുമ്പോൾ, എന്റെ സ്വന്തം നിലയെക്കുറിച്ചു ഞാൻ ഭയചകിതാനാകുമ്പോൾ ഞാൻ കോപിഷ്ഠനായിത്തീരുന്നു. കോപത്തിനു പല രൂപങ്ങൾ ഉണ്ട്; നിരാശ, വെറുപ്പ്, വിദ്വേഷം, അസൂയ എന്നിങ്ങനെ കോപം പല രൂപങ്ങൾ കൈക്കൊള്ളുന്നു.

കോപത്തിന്റെ സഞ്ചിതരൂപമായ വെറുപ്പിന് മാപ്പാണ് മറുമരുന്ന്. കോപം കൂട്ടി വയ്ക്കുന്നതു മാപ്പിനേക്കാൾ പ്രാധാന്യമേറിയ കാര്യമാണ്. കോപം ചേർത്ത് വെയ്ക്കാതിരിക്കുമ്പോൾ മാപ്പിന്റെ ആവിശ്യം വരുന്നില്ല. വെറുപ്പുള്ളിടത്ത് മാപ്പ് അത്യാവശ്യമാണ്. മുഖസ്തുതിയിൽ നിന്നും പരിക്കേറ്റുവെന്ന തോന്നലിൽനിന്നും, താത്പര്യരാഹിത്യത്തിന്റെ കാഠിന്യം കൂടാതെ സ്വതന്ത്രമാകുന്നത് ദയയ്ക്കും കാരുണ്യത്തിനും ഇടം നല്കുന്നു. ഇച്ഛാശക്തികൊണ്ടു കോപത്തെ ഇല്ലാതാക്കാൻ കഴിയില്ല; കാരണം ഇച്ഛാശക്തി ഹിംസയുടെ ഒരു ഭാഗമാണ്. ആഗ്രഹത്തിന്റെ, ജീവിതകാംക്ഷയുടെ പരിണിതഫലമാണ് ഇച്ഛാശക്തി. ആഗ്രഹത്തിന് പ്രകൃത്യാതന്നെ കടന്നു കയറുകയും ആധിപത്യം ചെലുത്തുകയും ചെയ്യുന്ന സ്വഭാവമാണുള്ളത്. ഇച്ഛാശക്തികൊണ്ട് കോപത്തെ അടക്കി നിർത്താൻ ശ്രമിക്കുമ്പോൾ നാം അതിനെ വ്യത്യസ്തമായ ഒരു തലത്തിലേക്കു മാറ്റി നിറുത്തി അതിന് പുതിയൊരു പേരു നല്കുകയാണ് ചെയ്യുന്നത്. അപ്പോഴും അതു ഹിംസയുടെ ഭാഗം തന്നെയാണ്. ഹിംസയിൽ നിന്ന് സ്വതന്ത്രമാകുന്നതിന് – അഹിംസ വളർത്തലല്ല അത് – ആഗ്രഹത്തെക്കുറിച്ചു ശരിക്കും മനസ്സിലാക്കേണ്ടതുണ്ട്. ആഗ്രഹത്തിനു പകരം വയ്ക്കാവുന്ന ആത്മീയഭാവങ്ങളൊന്നുമില്ല. അതിനെ അടക്കി നിർത്താനോ ഉദാത്തവൽക്കരിക്കാനോ കഴിയില്ല. ആഗ്രഹത്തെക്കുറിച്ച് നിശബ്ദവും സംശയരഹിതവുമായ അവബോധം ഉണ്ടാകണം. പ്രവൃത്ത്യൂന്മുഖമല്ലാത്ത ഈ അവവോധം ആഗ്രഹത്തെ നേരിട്ടനുഭവിക്കലാണ്; അപ്പോൾ അനുഭവിക്കുന്ന ആൾ അതിനു പേരു നൽകുന്നില്ല. ■

*കമന്ററീസ് ഓൺ ലിവിങ് എന്ന പുസ്തകത്തിൽ നിന്ന്*

രണ്ടാം പേജിൽ നിന്ന് തുടർച്ച

## നിങ്ങൾ ഹിംസയുടെ ഭയങ്കര വിപത്തിനെ കാണുന്നില്ല !

ന്നത്? ഹിംസയെന്നാൽ അക്രമമാണ്.

അതിൽനിന്ന് ഒരു തരത്തിലും രക്ഷപ്പെടാനാവില്ല. ധീഷണാശക്തിയിലൂടെയോ, അർത്ഥവിശദീകരണത്തിലൂടെയോ അതിനെ സാധൂകരിക്കാൻ കഴിയില്ല. ഇതിലെ ദുഷ്കരത്വം നോക്കുക: മനസ്സ് സൂത്രശാലിയും നിശിതവുമാണ്; അതിനാൽ രക്ഷപ്പെടാൻ ശ്രമിക്കും. കാരണം, അക്രമാസക്തി, എന്തെല്ലാം ചെയ്യാൻ കാരണമാകുമെന്ന് അതിനു തന്നെ അറിയില്ല. അതിനെ എങ്ങനെ കൈകാര്യം ചെയ്യുമെന്നും അറിയില്ല; അഥവാ അങ്ങനെ കരുതുന്നു. അതുകൊണ്ട് അത് രക്ഷപ്പെടുന്നു. ഓരോ പലായനവും, വിഹ്വലതയും, അകന്നുപോക്കും ഹിംസാത്മകതയെ പരിരക്ഷിക്കുന്നു. ഇത് ബോദ്ധ്യപ്പെട്ടാൽ, എന്താണോ ഉള്ളത് എന്ന വാസ്തവമൊഴിച്ച്, മനസ്സ്, മറ്റൊന്നുമായും ഏറ്റുമുട്ടുകയില്ല.

***ചോദ്യകർത്താവ്: ഹിംസയെന്ന പേർ, നൽകിയില്ലെങ്കിൽ, ഹിംസ തന്നെയാണോ എന്ന് നിങ്ങൾക്കെങ്ങനെ പറയാൻ കഴിയും?***

കൃഷ്ണമൂർത്തി: നിങ്ങളതിന് പേർ നൽകുമ്പോൾ, പേരിലൂടെ, നിങ്ങളതിനെ ഭുതകാലവുമായി ബന്ധിപ്പിക്കുകയാണ്. നിങ്ങൾ കഴിഞ്ഞകാലത്തെ കണ്ണുകൾകൊണ്ടാണ് അതിനെ കാണുന്നത്. അതിനാൽ പുതുമയുള്ളതൊന്നും കാണുന്നില്ല. അത്രമാത്രം മനസ്സിലായോ?

നിങ്ങൾ അക്രമത്തെ നോക്കുന്നത്, അതിനെ ന്യായീകരിച്ചുകൊണ്ടാണ്. ഈ പൈശാചികലോകത്തിൽ ജീവിക്കാൻ, അല്പം അക്രമമെല്ലാം ആവശ്യമാണെന്നും, അത് പ്രകൃതിയുടെ ഭാഗമായിരിക്കുന്നുവെന്നും നിങ്ങൾ പറയുന്നു. ‘നോക്കൂ പ്രകൃതിതന്നെ ഹിംസിക്കുന്നു’. അതിനെ നിരസിക്കാനും, നീതീകരിക്കാനും, പ്രതിരോധിക്കാനും, നിങ്ങൾ ശീലിച്ചിരിക്കുന്നു. നിങ്ങൾ നോക്കുന്ന ഒരു വസ്തു, അറിയുന്ന ഒരു ബിംബമാണെന്ന് തിരിച്ചറിയുമ്പോൾ, ഒരു വസ്തുവിനെ

നിങ്ങൾക്ക് പുതുമയോടെ കാണാൻ കഴിയില്ല. അടുത്ത ചോദ്യം ഇതാണ്. 'എങ്ങനെയാണ്, ഈ ബിംബമുണ്ടാകുന്നത്? അതിന്റെ മെക്കാനിസം എന്ത്? എന്റെ ഭാര്യ, എന്നോടു പറയുന്നു; 'നിങ്ങളൊരു വിഡ്ഢിയാണ്' എനിക്ക് അതിഷ്ടമായില്ല. അതെന്റെ മനസ്സിൽ, ഒരടയാളമുണ്ടാക്കുന്നു. ഈ അടയാളങ്ങളാണ്, ഓർമ്മയുടെ ബിംബങ്ങൾ. 'നിങ്ങളൊരു വിഡ്ഢിയാണ്' എന്ന് അവൾ പറയുന്ന നിമിഷം, ഞാൻ ബോധപൂർവം, ശ്രദ്ധ ചെലുത്തിയാൽ, മനസ്സിൽ അടയാളം പതിയുകയില്ല – അവൾ പറഞ്ഞതു ശരിയായിരിക്കാം.

അശ്രദ്ധ ബിംബങ്ങളെ സൃഷ്ടിക്കുന്നു. ശ്രദ്ധയാകട്ടെ, മനസ്സിനെ, ബിംബങ്ങളിൽ നിന്ന് മോചിപ്പിക്കുന്നു. ഇത് വളരെ ലളിതമാണ്, അതുപോലെ, ഞാൻ കുപിതനായിരിക്കുമ്പോൾ, ഞാൻ മുഴുവൻ ശ്രദ്ധയും ചെലുത്തിയാൽ, അശ്രദ്ധയുണ്ടാകുന്നില്ല. അതിനാൽ ഭൂതകാലം, വർത്തമാനത്തിലെ പ്രത്യക്ഷാനുഭവമായ കോപത്തിൽ ഇടപെടുകയില്ല.

***ചോദ്യകർത്താവ്: അത് ഇച്ഛാശക്തിയുടെ പ്രവർത്തനഫലമല്ലേ?***

കൃഷ്ണമൂർത്തി: 'ഇച്ഛാശക്തി പ്രധാനമായും, ഹിംസാത്മകതയാണെന്നു നാം പറഞ്ഞു. ഇച്ഛാശക്തി, എന്തെന്ന് നമുക്കു നോക്കാം. 'എനിക്കത് ചെയ്യണം', 'എനിക്ക് അതുവേണ്ട', 'ഞാനതുചെയ്തിരിക്കാം'. ഞാൻ എതിർക്കുന്നു, ഞാനാവശ്യപ്പെടുന്നു, ഞാൻ ആഗ്രഹിക്കുന്നു. ഇവയെല്ലാം എതിർപ്പിന്റെ വകഭേദങ്ങളാണ്. 'ഞാനത് ഇച്ഛിക്കുന്നു' എന്നു നിങ്ങൾ പറയുമ്പോൾ, അതൊരു തരത്തിലുള്ള പ്രതിരോധമാണ്, പ്രതിരോധം ഹിംസയാണ്.

***ചോദ്യകർത്താവ്: പരിഹാരം കണ്ടെത്തി, നാം പ്രശ്നത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നു എന്ന് താങ്കൾ പറയുന്നു. ഞാനതു മനസ്സിലാക്കുന്നു. അത് ഉള്ളതിൽ' നിന്ന് അകറ്റുന്നു.***

കൃഷ്ണമൂർത്തി: അതിനാൽ ഉണ്മയെ എങ്ങനെ നോക്കും, എന്നെനിക്കറിയണം.

നാമിപ്പോൾ ചിന്തിക്കുന്നത്, ഹിംസയെ മറികടക്കാൻ കഴിയുമോ എന്നാണ്. നാം പറയുന്നു: 'അതിൽ നിന്ന് രക്ഷപ്പെടരുത്. ഹിംസയുടെ പരമമായ യാഥാർത്ഥ്യത്തിൽ നിന്ന് രക്ഷപ്പെടരുത്. 'എങ്ങനെയാണ് അത് ഹിംസയാണെന്ന് അറിയുക?' എന്നു ചോദിക്കുകയുണ്ടായി. ഹിംസയാണെന്ന്, തിരിച്ചറിഞ്ഞതുകൊണ്ടാണോ നിങ്ങൾ അറിഞ്ഞത്? എന്നാൽ പേർപറയാതെ, നിരാകരിക്കാതെ നീതീകരിക്കാതെ (ഇവയെല്ലാം ഭൂതകാലത്തിന്റെ ശീലങ്ങളാണ്) നോക്കുമ്പോൾ, അതിൽ പുതുമയുണ്ടായിരിക്കും. അപ്പോൾ അത് ഹിംസയായിരിക്കുമോ? എന്നാൽ ഇത് പ്രവർത്തനത്തിൽ വരുത്തുന്നത് വളരെ പ്രയാസമാണ്. കാരണം നമ്മുടെ ജീവിതം മുഴുവൻ, ശീലവല്ക്കരിക്കപ്പെട്ടതാണ്. ഇപ്പോൾ, ഇവിടെ ജീവിക്കുകയെന്നാലെന്താണെന്ന് നിങ്ങൾക്കറിയാമോ?

***ചോദ്യകർത്താവ് : താങ്കൾ പറയുന്നു ഹിംസാത്മകതയിൽ നിന്ന് വിമുക്തമാവാൻ. അതിൽ ഒട്ടേറെ കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. സ്വാതന്ത്ര്യം എത്രത്തോളം വേണം?***

കൃഷ്ണമൂർത്തി: സ്വാതന്ത്ര്യത്തിന്റെ ഉള്ളിലേക്കു പോവുക. എന്നുവെച്ചാൽ അർത്ഥമെന്ത്? മനസ്സിന്റെ അടിത്തട്ടിൽ, കോപമുണ്ട്, നിരാശയുണ്ട്, ചെറുത്തുനില്പുണ്ട്. മനസ്സ് ഇവയിൽ നിന്നു മുക്തമാവണം. വേണ്ടേ? ഞാൻ ചോദിക്കുകയാണ്: മനസ്സിന്, ഇപ്പോൾ കർതൃനിഷ്ഠമായ ഹിംസയിൽ നിന്ന് മുക്തമാവാൻ കഴിയുമോ? ഉള്ളിൽ അടിഞ്ഞുകൂടിയ വെറുപ്പിൽനിന്നും, വിദ്വേഷത്തിൽനിന്നും ക്രൗര്യത്തിൽനിന്നും മുക്തമാവാൻ കഴിയുമോ? അതെങ്ങനെ കഴിയും?

***ചോദ്യകർത്താവ്: ഒരാൾ ഉള്ളിലുള്ള ഹിംസാത്മകതയിൽ നിന്ന് വിമുക്തമായാൽ, പുറത്ത് ഹിംസ കാണുമ്പോൾ ദുഃഖം തോന്നില്ലേ? അപ്പോൾ എന്തു ചെയ്യും?***

കൃഷ്ണമൂർത്തി: ഒരാൾക്ക് ചെയ്യാവുന്നത്, മറ്റൊരാളെ പഠിപ്പിക്കുകയാണ്. മറ്റൊരാളെ പഠിപ്പിക്കുകയെന്നത് ലോകത്തിലെ ഏറ്റവും മഹത്തായ കർമ്മമാണ്. അത് പണത്തിനുവേണ്ടിയാകരുത്. ബാങ്ക്ബാലൻസ് കൂട്ടാൻ വേണ്ടിയുള്ള പഠിപ്പിക്കലല്ല. വെറുതെ മറ്റുള്ളവരെ പഠിപ്പിക്കുക; മറ്റുള്ളവരോട് സംസാരിക്കുക.

***ചോദ്യകർത്താവ്: ഏറ്റവും എളുപ്പമായ വഴിയെന്ത്?***

കൃഷ്ണമൂർത്തി: എളുപ്പവഴിയെന്ത്? (ചിരി). ഒരു സർക്കസ്. നിങ്ങൾ മറ്റൊരാളെ പഠിപ്പിക്കുന്നു. പഠിപ്പിക്കുന്നതോടൊപ്പം, നിങ്ങൾ സ്വയം പഠിക്കുന്നു. ആദ്യം നിങ്ങൾ പഠിച്ച്, ആ അറിവിനെ ചേർത്തുവെച്ച്, പിന്നീട് പഠിപ്പിക്കുകയല്ല. നിങ്ങൾ, സ്വയമേവ, ഹിംസാലുവാണ്. നിങ്ങൾ തന്നെത്താൻ, അറിഞ്ഞ്, മറ്റൊരാളെ സ്വയമറിയാൻ സഹായിക്കാം. അതിനാൽ പഠിപ്പിക്കലെന്നാൽ പഠിക്കലാണ്. ഇതിലൊരു മനോഹാരിതയുണ്ട്; അത് നിങ്ങൾക്ക് കാണാൻ കഴിയുന്നില്ല.

അതിനാൽ നമുക്കു തുടരാം: സ്നേഹമെന്തെന്നറിയാൻ, നിങ്ങൾ ഹൃദയപൂർവം ആഗ്രഹിക്കുന്നില്ലേ? നൂറ്റാണ്ടുകളായി മനുഷ്യൻ മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നു! സമാധാനവും, സ്നേഹവും, കരുണയും എങ്ങനെയുണ്ടാക്കാം? അതുണ്ടാവണമെങ്കിൽ 'ഞാനെന്ന ഭാവം' ഇല്ലാതാവണം. മനസ്സിലായോ? അതിനുവേണ്ടി ശ്രമിക്കണം; അന്വേഷിക്കണം. ഏകാന്തതയിൽ നിന്നോ, കോപത്തിൽ നിന്നോ, പാരുഷ്യത്തിൽനിന്നോ, ആയാലും, അത് അന്വേഷിച്ചു കണ്ടുപിടിക്കണം. അതിൽനിന്ന് ഒഴിഞ്ഞുമാറുകയെന്നാൽ, അതിനൊരു പേർ കൊടുക്കുകയെന്നാണ്. അതിനാൽ പേർ നൽകാൻ ശ്രമിക്കാതെ, അതിനെ നേരിട്ട് നോക്കുക.

***ചോദ്യകർത്താവ്: എല്ലാവിധ ഹിംസകളും ഇല്ലാതാക്കണമെന്ന് താങ്കൾ വാദിക്കുമോ? ചിലതരം ഹിംസകൾ, ചിലരുടെ ജീവിതത്തിൽ ആരോഗ്യകരമാണോ? ശാരീരികമായ ഹിംസയല്ല ഞാനുദ്ദേശിക്കുന്നത്, ഇച്ഛാഭംഗങ്ങളിൽ നിന്ന് വിമുക്തമാവണം. നിരാശപ്പെടാതിരിക്കുന്നത് ഉപകാരപ്രദമായിരിക്കുമോ?***

കൃഷ്ണമൂർത്തി: ഇല്ല മേഡം. അതിനുള്ള ഉത്തരം ചോദ്യത്തിൽ തന്നെയുണ്ട്. എന്തുകൊണ്ട് ഇച്ഛാഭംഗപ്പെടണം? എന്തുകൊണ്ട് ഇച്ഛാഭംഗമുണ്ടാവുന്നുവെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചോദിച്ചിട്ടുണ്ടോ? ആ ചോദ്യത്തിന് ഉത്തരം കാണാൻ, 'ഇച്ഛാപൂരണം, എന്നാൽ എന്ത്?' എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചോദിച്ചിട്ടുണ്ടോ? എന്തിനാണ്, ഇച്ഛ സഫലീകരിക്കുന്നത്? എന്താണ് സഫലീകരിക്കുന്നത്? 'ഞാൻ', ഹിംസാലുവായ 'ഞാൻ', 'നിന്നേക്കാൾ കേമനാണ് ഞാ'നെന്നു പറയുന്ന എന്നെ വേർതിരിച്ചു നിർത്തുന്ന, ആഗ്രഹങ്ങളെയും, പ്രസിദ്ധിയേയും പിൻതുടരുന്ന ഞാനാണോ? നേട്ടങ്ങൾ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നതുകൊണ്ട്, അത് നിരാശപ്പെടുന്നു, ഉദ്ദേശിച്ചകാര്യം സാധിക്കാത്തപ്പോൾ അതുകൊണ്ട് അതു പരുഷമാകുന്നു. വികസിക്കാൻ വെമ്പുന്ന ഒരു ഞാനുണ്ട്. അതിന് വികസിക്കാൻ കഴിയാതാവുമ്പോൾ നിരാശപ്പെടുന്നു. അപ്പോൾ പരുഷവുമാകുന്നു. ആ പരുഷത – വികസിക്കണമെന്നാഗ്രഹിക്കുന്ന പരുഷതയാണ് ഹിംസയാകുന്നത്. ഇത് മനസ്സിലാക്കിയാൽ, പിന്നീടൊരിക്കലും, ഇച്ഛാപൂരണത്തിനു ശ്രമിക്കുകയില്ല. അതിനാൽ ഇച്ഛാഭംഗമുണ്ടാവുകയില്ല.

***ചോദ്യകർത്താവ്: സസ്യങ്ങൾക്കും, മൃഗങ്ങൾക്കും ജീവനുണ്ട്. അവ രണ്ടും, അതിജീവിക്കാൻ കൊതിക്കുന്നു. ഭക്ഷണത്തിനായി മൃഗങ്ങളെ കൊല്ലുന്നതും, ഭക്ഷണത്തിനായി സസ്യങ്ങളെ കൊല്ലുന്നതും തമ്മിൽ വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്?***

കൃഷ്ണമൂർത്തി: ഒരാൾക്ക് ജീവിക്കണം. അതിനാൽ സംവേദനം കുറഞ്ഞ വസ്തുവിനെ കൊല്ലുന്നു. ഞാൻ ജീവിതത്തിൽ ഒരിക്കലും, മാംസം ഭക്ഷിച്ചിട്ടില്ല. ചില ശാസ്ത്രജ്ഞന്മാർ, ആ വഴിക്ക് ചിന്തിക്കുന്നതായി തോന്നുന്നു. അവർ അങ്ങനെ ചെയ്താൽ, നിങ്ങളും, അതുപോലെ ചെയ്യുമായിരിക്കാം!

# ലോകത്തു നടക്കുന്ന എല്ലാവിധ ഭ്രാന്ത സംരംഭങ്ങൾക്കും നമ്മളല്ലേ കാരണക്കാർ?

*ചോദ്യം: യുദ്ധത്തെക്കുറിച്ചും ജോലി ഉണ്ടെങ്കിൽ അതു നഷ്ടപ്പെടുന്നതിനെക്കുറിച്ചും ഭീകരപ്രവർത്തനത്തെക്കുറിച്ചും നമ്മുടെ കുട്ടികളിൽ കാണുന്ന അക്രമവാസനയെക്കുറിച്ചും നിലവാരമില്ലാത്ത രാഷ്രീയക്കാരുടെ ദയ തേടേണ്ടി വരുന്നതിനെക്കുറിച്ചും മറ്റുമുള്ള ഭയത്തോടെയാണ് നാം ജീവിതം നയിക്കുന്നത്. ഇന്നത്തെ നിലയിൽ ജീവിതത്തെ നാം എങ്ങനെയാണ് നേരിടേണ്ടത്?*

കൃഷ്ണമൂർത്തി: എങ്ങനെയാണ് നിങ്ങൾ അതിനെ നേരിടുക? ലോകം കൂടുതൽ അക്രമാസക്തമായിക്കൊണ്ടിരിക്കുകയാണെന്ന് നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. സ്പഷ്ടമായ ഒരു വസ്തുതയാണത്. യുദ്ധത്തിന്റെ ഭീഷണികളും വളരെ വ്യക്തമാണ്. അതുപോലെതന്നെയാണ് നമ്മുടെ കുട്ടികൾ കൂടുതൽ അക്രമാസക്തരായിത്തീരുന്നു എന്ന വിചിത്രമായ കാര്യവും. ഏതാനും നാളുകൾക്കുമുൻപ് ഇന്ത്യയിൽ ഞങ്ങളെ കാണാൻ വന്ന ഒരമ്മയുടെകാര്യം ഓർമ്മവരുന്നു. ഇന്ത്യൻ പാരമ്പര്യത്തിൽ അമ്മമാർക്ക് വളരെയധികം ആദരവു ലഭിക്കുന്നുണ്ട്. ഈ അമ്മ അത്യധികം സംഭ്രാന്തയായിരുന്നു. മക്കൾ അവരെ തല്ലിയെന്നാണ് ആ അമ്മ പറഞ്ഞത്. ഇന്ത്യയിൽ ഒരിക്കലും കേട്ടിട്ടില്ലാത്ത ഒരു സംഭവം. ഇത്തരം അക്രമവാസന ലോകമെങ്ങും പരന്നുകൊണ്ടിരിക്കുന്നു. ചോദ്യകർത്താവ് ഉന്നയിച്ച ജോലി നഷ്ടപ്പെടുമെന്ന ഭയവും ഇവിടെ ഉണ്ട്. ഇവയെല്ലാം നേരിട്ടുകൊണ്ട് നമ്മൾ എങ്ങനെ ജീവിതം മുന്നോട്ടു കൊണ്ടുപോകും?

എനിക്കറിഞ്ഞുകൂടാ. എന്റെ കാര്യത്തിൽ അതിനെ എങ്ങനെ നേരിടണമെന്ന് എനിക്കറിയാം. പക്ഷേ നിങ്ങൾ അതിനെ എങ്ങനെ നേരിടുമെന്നു എനിക്കറിഞ്ഞുകൂടാ. ആദ്യമായി, എന്താണ് ഈ ജീവിതം? ദുഃഖം, ജനസംഖ്യാവർദ്ധനവ്, നിലവാരമില്ലാത്ത രാഷ്ട്രീയക്കാർ, കപടതന്ത്രങ്ങൾ, കാപട്യങ്ങൾ, കൈക്കൂലി ഇവയെല്ലാം നിറഞ്ഞ ഈ ജീവിതം എന്താണ്? അതിനെ എങ്ങനെയാണ് നേരിടേണ്ടത്? ജീവിക്കുക എന്നാൽ എന്താണെന്ന് കണ്ടെത്തുകാണ് ആദ്യം വേണ്ടതും. ഇന്നത്തെ നിലയിൽ ഈ ലോകത്തിൽ ജീവിക്കുക എന്നു പറഞ്ഞാൽ എന്താണ്? നമ്മൾ നിത്യജീവിതം കഴിച്ചുകൂട്ടുന്നതെങ്ങിനെയാണ്? – താത്ത്വികമോ ആദർശപരമോ സിദ്ധാന്തപരമോ ആയ നിലയിലല്ല, യഥാർത്ഥമായ നിലയിൽ നാം അതു എങ്ങനെയാണ് നിർവഹിക്കുന്നത്? ആരാഞ്ഞുനോക്കിയാൽ, ഗൗരവമായി ചിന്തിച്ചുനോക്കിയാൽ, അതു നിരന്തരമായ മത്സരമാണെന്ന്, സ്ഥിരമായ സമരമാണെന്ന്, തുടർച്ചയായ പ്രയത്നമാണെന്നു കാണാം. രാവിലെ ഉണർന്നെഴുന്നേല്ക്കുക എന്നതു ഒരു പ്രയത്നമാണ്. നമ്മൾ എന്താണ് ചെയ്യുക? അതു ഒഴിവാക്കാൻ കഴിയുന്ന കാര്യമല്ല. ജീവിക്കാൻ സാധ്യമല്ലാത്ത ഒന്നാണ് ഈ ലോകമെന്നു പ്രസ്താവിച്ചുകൊണ്ട്, ഹിമാലയ പർവത പാർശ്വങ്ങളിലോ മറ്റോ പോയി മറഞ്ഞ പലരെക്കുറിച്ചും നാം കേട്ടിട്ടുണ്ട്. അതു ഒഴിഞ്ഞുമാറലാണ്, യാഥാർത്ഥ്യത്തിൽ നിന്നു രക്ഷപ്പെടലാണ്; അവർ ഒരു കൂട്ടായ്മയിൽ അലിഞ്ഞുചേരുകയോ ഒരു ഗുരുവിന്റെ വിശാലമായ ആശ്രമപ്രദേശത്തു ഒതുങ്ങി കൂടുകയോ ചെയ്യുന്നു.അത്തരം ആളുകൾ നിത്യജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുകയോ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച്, മാനസികമായ വിപ്ലവങ്ങളെക്കുറിച്ച് അന്വേഷിക്കുകയോ ചെയ്യുന്നില്ല. ഇതിൽ നിന്നെല്ലാം അവർ രക്ഷപ്പെടുന്നു. അങ്ങനെ രക്ഷപ്പെടാതെ ഇന്നത്തെ ലോകത്തിൽ യഥാർത്ഥമായ ജീവിതം തുടരുന്നവർ എന്താണ് ചെയ്യേണ്ടത്? നമുക്കു നമ്മുടെ ജീവിതം മാറ്റാൻ കഴിയുമോ? നമ്മുടെ ജീവിതത്തിൽ ഒരു തരത്തിലുള്ള സംഘർഷത്തിനും – സംഘർഷം അക്രമത്തിന്റെ ഭാഗം തന്നെയാണ് – ഇടം നല്കാതിരിക്കാൻ കഴിയുമോ? എന്തെങ്കിലും നേടാനുള്ള നിരന്തരമായ പോരാട്ടമാണ്, – പോരാടുക, പോരാടുക എന്നതാണ് – നമ്മുടെ ജീവിതത്തിന്റെ അടിത്തറ.

ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യരെന്ന നിലയിൽ നമുക്ക് നമ്മെ മാറ്റി തീർക്കുവാൻ കഴിയുമോ? – അതാണ് യഥാർത്ഥത്തിലുള്ള ചോദ്യം. അടിസ്ഥാനപരമായി, മാനസികമായി നമ്മളിൽ മാറ്റം വരുത്തുവാൻ കഴിയുമോ? – സമയമെടുത്തു പതുക്കെ പതുക്കെയല്ലാതെ? ഗൗരവമായി ചിന്തിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം, ശരിക്കും ആത്മീയചിന്തകനായ ഒരാളെ സംബന്ധിച്ചിടത്തോളം, നാളെ എന്നൊന്നില്ല. നാളെ എന്നൊന്നില്ല എന്നതു കടുത്ത ഒരു പ്രസ്താവനയാണ്. ഇവിടെ ഇന്നിനെ സമൃദ്ധമായി പൂജിക്കലെയുള്ളു. നമുക്ക് സമ്പൂർണ്ണമായ നിലയിൽ ജീവിക്കാൻ കഴിയുമോ? അന്യോന്യമുള്ള നമ്മുടെ ബന്ധങ്ങളിൽ നിത്യേന, ശരിക്കും മാറ്റം വരുത്താൻ കഴിയുമോ? അതാണ് യഥാർത്ഥ പ്രശ്നം; അല്ലാതെ ലോകത്തിന്റെ അവസ്ഥയല്ല. കാരണം, നമ്മൾ തന്നെയാണ് ലോകം. ഇതു മനസ്സിലാക്കൂ. നിങ്ങളാണ് ലോകം; ലോകമാണ് നിങ്ങൾ. ഇതു സ്പഷ്ടവും കഠിനവുമായ ഒരു വസ്തുതയാണ്; സമഗ്രമായി നേരിടേണ്ട ഒരു വെല്ലുവിളി. നമ്മളാണ് എല്ലാത്തരം വൃത്തികേടുകളോടുംകൂടിയ ഈ ലോകമെന്ന്, ഈ സ്ഥിതിവിശേഷം നമ്മുടെ സൃഷ്ടിയാണെന്ന്, മധ്യപൗരസ്ത്യദേശത്തും ആഫ്രിക്കയിലും മറ്റും നടക്കുന്ന സംഭവങ്ങൾക്ക് നമ്മളാണ് ഉത്തരവാദികളെന്ന്, ലോകത്തു നടക്കുന്ന എല്ലാവിധ ഭ്രാന്തസംരംഭങ്ങൾക്കും നമ്മളാണ് കാരണക്കാരെന്നു മനസ്സിലാക്കണം. നമ്മുടെ പിതാമഹന്മാരുടെയും പ്രപിതാമഹന്മാരുടെയും നടപടികൾക്ക് – അടിമത്തം, ആയിരക്കണക്കിനുള്ള യുദ്ധങ്ങൾ, സാമ്രാജ്യങ്ങളുടെ ക്രൂരതകൾ തുടങ്ങിയവയ്ക്ക് – നമ്മളായിരിക്കില്ല ഉത്തരവാദികൾ. പക്ഷേ നാം അവയുടെ ഭാഗമാണ്. നമുക്കു ആ ഉത്തരവാദിത്വം അനുഭവപ്പെടുന്നില്ലെങ്കിൽ അതായതു നമ്മോടും നമ്മുടെ പ്രവർത്തികളോടും ചിന്തകളോടും പെരുമാറ്റങ്ങളോടും നാം അങ്ങേയറ്റം ഉത്തരവാദികളാകുന്നില്ലെങ്കിൽ ലോകത്തിൻ ഇന്നത്തെ നിലയിൽ, ഭീകരപ്രവർത്തനത്തിന് വ്യക്തിപരമായി ഒറ്റയ്ക്കൊറ്റയ്ക്കു പരിഹാരം കാണാൻ കഴിയില്ലെന്നറിയാവുന്നതുകൊണ്ട്, ആശയ്ക്കു ഒട്ടും വഴിയില്ലതന്നെ. പൗരന്മാർക്കു സംരക്ഷണം നൽകേണ്ടത് ഗവണ്മെന്റുകളുടെ ചുമതലയാണ്. പക്ഷേ അവർ അക്കാര്യം ശ്രദ്ധിക്കുന്നതായി തോന്നുന്നില്ല. സ്വന്തം ജനങ്ങളെ സംരക്ഷിക്കുവാൻ ഓരോ ഭരണകൂടവും ആത്മാർത്ഥമായി പരിശ്രമിച്ചാൽ യുദ്ധങ്ങൾ ഉണ്ടാവില്ല. പക്ഷേ ഭരണകൂടങ്ങൾക്ക് സുബോധം നഷ്ടപ്പെട്ടതായി തോന്നുന്നു. രാഷ്ട്രീയ സംഘടനകളെക്കുറിച്ചും സ്വന്തം അധികാരത്തെക്കുറിച്ചും പദവികളെക്കുറിച്ചും അഭിമാനത്തെക്കുറിച്ചും മാത്രമാണ് അവർക്കു ശ്രദ്ധ. നിങ്ങൾക്കു ഇതെല്ലാം അറിയാമല്ലോ – ഈ മുഴുവൻ കളിയും. ■

**ഗൗരവമായി ചിന്തിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം, ശരിക്കും ആത്മീയചിന്തകനായ ഒരാളെ സംബന്ധിച്ചിടത്തോളം, നാളെ എന്നൊന്നില്ല. നാളെ എന്നൊന്നില്ല എന്നതു കടുത്ത ഒരു പ്രസ്താവനയാണ്. ഇവിടെ ഇന്നിനെ സമൃദ്ധമായി പൂജിക്കലെയുള്ളു.**

*'മീറ്റിംഗ് ലൈഫ്' എന്ന പുസ്തകത്തിൽനിന്ന്*

***ചോദ്യകർത്താവ്: ഇവിടെ കൂടിയിരിക്കുന്നവർക്കെല്ലാം, അരിസ്റ്റോട്ടലിയൻ ദർശനവുമായി പരിചയമുള്ളവരാണെന്നു തോന്നുന്നു. താങ്കൾ അതിനു വിപരീതമായ തന്ത്രങ്ങളാണ് പ്രയോഗിക്കുന്നത്. അതിനാൽ ഒരു വിടവുള്ളതായി കാണുന്നു. നമുക്ക് എങ്ങനെ ഗാഢമായി സംവേദിക്കാം?***

കൃഷ്ണമൂർത്തി: അത് പ്രയാസമുള്ളകാര്യമാണ്. താങ്കൾ ഒരു ഫോർമുലയുമായി , ഭാഷയുമായി, അർത്ഥവുമായി ഇടപഴകിയ ആളാണ്. പ്രഭാഷകന് അത്തരം വീക്ഷണഗതിയൊന്നുമില്ല. അതിനാൽ ആശയവിനിമയത്തിന് പ്രയാസമുണ്ട്. നമ്മളതിനെപ്പറ്റി നിരൂപിച്ചിട്ടുണ്ട്. വാക്ക് വസ്തുവല്ല. വ്യാഖ്യാനം, വ്യാഖ്യാനിക്കപ്പെടുന്നതല്ല. വിശദീകരണമല്ല, വിശദീകരിക്കപ്പെടുന്നത്. നിങ്ങൾ വിശദീകരണത്തിൽ, വാക്കിൽ പറ്റിച്ചേരുന്നു. അതാണ് ബുദ്ധിമുട്ടിനു കാരണം.

അപ്പോൾ, ഹിംസ എന്നാൽ എന്തെന്ന് നാമറിയുന്നു. ഭയവും, സുഖവും ചേർന്നതാണ്. ഉദ്ദീപനത്തിനായുള്ള തീവ്രമായ പ്രേരണയുണ്ട്. അതുണ്ടാക്കാൻ, നാം സമുദായത്തെ പ്രോത്സാഹിപ്പിക്കുന്നു. പിന്നീട് നാം സമുദായത്തെ കുറ്റപ്പെടുത്തുന്നു. യഥാർത്ഥത്തിൽ, നാം തന്നെയാണ്, അതിനുത്തരവാദികൾ. ഹിംസയുടെ ഊർജ്ജത്തെ മറ്റു വിധത്തിൽ ഉപയോഗിക്കാമോ, എന്ന് നാം ആരായുന്നു. ഹിംസാത്മകമാവാൻ ഊർജജം ആവശ്യമാണ്. ഈ ഊർജ്ജത്തെ, മറ്റുതരത്തിൽ രൂപാന്തരപ്പെടുത്താനോ, വേറെ വഴിക്ക് ഉപയോഗിക്കാനോ കഴിയുമോ? ഈ സത്യം കാണുകയും, മനസ്സിലാക്കുകയും ചെയ്യുമ്പോൾ, ഊർജ്ജം തികച്ചും മറ്റൊരു തരത്തിലാകുന്നു.

***ചോദ്യകർത്താവ്: അഹിംസ, നിരുപാധികമാണെന്നും, അതിൽ നിന്നുള്ള വ്യതിയാനമാണ് ഹിംസ, എന്നാണോ താങ്കൾ പറയുന്നത്?***

കൃഷ്ണമൂർത്തി: താങ്കൾക്ക് , വേണമെങ്കിൽ അങ്ങനെ കരുതാം.

നാം പറയുന്നത്, ഹിംസ, ഊർജ്ജത്തിന്റെ മറ്റൊരു രൂപമാണെന്നാണ്. അസൂയയില്ലാത്ത, ഉൽക്കണ്ഠയില്ലാത്ത, ഭയമില്ലാത്ത, ക്രൂരതയില്ലാത്ത, വേദനകളില്ലാത്ത സ്നേഹം, മറ്റൊരു രൂപമാണ്. അപ്പോൾ ഹിംസ ഊർജ്ജമാണ്. വേലികെട്ടിത്തിരിച്ചതും അസൂയയാൽ വലയം ചെയ്യപ്പെട്ടതുമായ സ്നേഹവും ഊർജ്ജത്തിന്റെ വകഭേദമാണ്. ഇവ രണ്ടിനേയും മറികടക്കാൻ ഊർജ്ജത്തെ തികച്ചും വ്യത്യസ്തമായ ദിശയിൽ ആദേശിക്കണം.

***ചോദ്യകർത്താവ്: അസൂയയോടുകൂടിയ സ്നേഹം ഹിംസയാണോ?***

കൃഷ്ണമൂർത്തി: തീർച്ചയായും, അതെ.

***ചോദ്യകർത്താവ്: അപ്പോൾ നിങ്ങൾക്ക് രണ്ടു തരം ഊർജ്ജമുണ്ട്; ഹിംസയും, സ്നേഹവും.***

കൃഷ്ണമൂർത്തി: സാർ, അവ രണ്ടും ഒന്നു തന്നെയാണ്.

***ചോദ്യകർത്താവ്: നമുക്ക് ആത്മീയാനുഭവം (*physical experience*) ഉണ്ടാകുന്നതെപ്പോൾ.***

കൃഷ്ണമൂർത്തി: അതും, ഹിംസയും തമ്മിൽ എന്തു ബന്ധം. എപ്പോൾ ആത്മീയാനുഭവം ഉണ്ടാകുന്നു? ഒരിക്കലും ഉണ്ടാകുകയില്ല. ആത്മീയാനുഭവം, ഉണ്ടാവുകയെന്നാൽ എന്താണെന്നറിയാമോ? അത്തരം അനുഭവം –അതീന്ദ്രീയാനുഭൂതി ഉണ്ടാവണമെങ്കിൽ, നിങ്ങൾ അസാധാരണമാംവിധം പക്വമതിയായിരിക്കണം, അസാധാരണമാംവിധം സംവേദനീയതയുണ്ടാവണം. അതുകൊണ്ടുതന്നെ ആസാധാരണമാംവിധം ബുദ്ധിശാലിയായിരിക്കണം. നിങ്ങൾ അസാധാരണമാംവിധം ബുദ്ധിശാലിയാണെങ്കിൽ, ആത്മീയാനുഭവം ആവശ്യമില്ല. *(ചിരി).*

ദയവുചെയ്ത്, നിങ്ങൾ, ശ്രദ്ധിച്ചു കേൾക്കണം. മനുഷ്യൻ, അക്രമണത്തിലൂടെ പരസ്പരം നശിപ്പിക്കുന്നു. ഭാര്യ, ഭർത്താവിനെ ശിക്ഷിക്കുന്നു; ഭർത്താവ്, ഭാര്യയെയും നശിപ്പിക്കുന്നു.അവർ ഒരുമിച്ച് ശയിക്കുകയും, ഒരുമിച്ച് നടക്കുകയും ചെയ്യുന്നു. എങ്കിലും അവർ സ്വന്തം പ്രശ്നങ്ങളുമായി, ഉൽക്കണ്ഠപ്പെട്ട് വേറിട്ടു ജീവിക്കുന്നു. ഈ വേർപാടിലാണ് ഹിംസ. നിങ്ങൾ, ഇതെല്ലാം വ്യക്തമായി കാണുമ്പോൾ, അതിനെപ്പറ്റി ചിന്തിക്കുകയും അതിലെ അപകടം കാണുകയും ചെയ്യുമ്പോൾ, നിങ്ങൾ പ്രവർത്തിക്കുന്നു; അല്ലേ? നിങ്ങളൊരു ഹിംസ്രമൃഗത്തെ കാണുമ്പോൾ, ഉടൻ പ്രവർത്തിക്കുന്നു. നിങ്ങൾ ഒട്ടും സമയം കളയുന്നില്ല. നിങ്ങൾ മൃഗവുമായി വാഗ്വാദം നടത്തുന്നില്ല. നിങ്ങൾ ഉടൻ ഓടിപ്പോകുന്നു. അല്ലെങ്കിൽ മറ്റുവല്ലതും ചെയ്യുന്നു. എന്നാൽ ഇവിടെ നമ്മളാകട്ടെ തർക്കിക്കുകയാണ്. കാരണം, നിങ്ങൾ ഹിംസയുടെ ഭയങ്കര വിപത്തിനെ കാണുന്നില്ല.

നിങ്ങൾ സൂക്ഷ്മമമായും, ആത്മാർത്ഥമായും, ഹിംസയുടെ സ്വഭാവത്തെ –അപകടത്തെ നോക്കിയാൽ അതോടെ നിങ്ങളുടെ കാര്യം കഴിഞ്ഞു. നിങ്ങൾക്ക് കാണാൻ താല്പര്യമില്ലെങ്കിൽ, മറ്റൊരാൾക്ക് അതെങ്ങനെ ചൂണ്ടിക്കാണിച്ചു തരാൻ കഴിയും? അരിസ്റ്റോട്ടലിന്റെയോ, മറ്റുള്ളവരുടെയോ ഭാഷ കൊണ്ടൊന്നും പ്രയോജനമില്ല.

***ചോദ്യകർത്താവ്: മറ്റുള്ളവരിലുള്ള ഹിംസയെ നാമെങ്ങനെ നേരിടും?***

കൃഷ്ണമൂർത്തി: അത് മറ്റൊരു പ്രശ്നമാണ്. അല്ലേ? എന്റെ അയൽക്കാരന് അക്രമവാസനയുണ്ട്. അയാളെ ഞാനെങ്ങനെ കൈകാര്യം ചെയ്യും? എന്റെ മറ്റേ കവിളും കാണിച്ചുകൊടുക്കുകയോ? അയാൾ സന്തോഷിക്കും. പിന്നെ എന്തു ചെയ്യും? നിങ്ങൾ, യഥാർത്ഥത്തിൽ, തികച്ചും അഹിംസാവാദിയാണെങ്കിൽ, ആ ചോദ്യം ചോദിക്കുമോ? ആ ചോദ്യം ശ്രദ്ധിക്കുക. നിങ്ങളുടെ മനസ്സിൽ, ഹൃദയത്തിൽ, ഒട്ടും ഹിംസയില്ല, വെറുപ്പില്ല, പരുഷതയില്ല, ഒന്നും നേടാനാഗ്രഹിക്കുന്നില്ല, മോചനം ആഗ്രഹിക്കുന്നില്ല, ഒട്ടും അക്രമവാസനയില്ല. അപ്പോൾ പിന്നെ അക്രമകാരിയായ അയൽക്കാരനെ എങ്ങനെ നേരിടുമെന്നും ചേദിക്കുമോ? എങ്ങനെ നേരിടുമെന്ന് നിങ്ങൾക്കറിയാമോ? നിങ്ങൾ ചെയ്യുന്നത്, ഹിംസയാണെന്ന് മറ്റുള്ളവർ പറയാം. എന്നാൽ നിങ്ങൾ അക്രമിയല്ല. നിങ്ങളുടെ അയൽക്കാരൻ അക്രമം പ്രവർത്തിക്കുമ്പോൾ, എങ്ങനെ നേരിടണമെന്ന് നിങ്ങൾക്കറിയാം. എന്നാൽ നിങ്ങളെ നോക്കുന്ന മൂന്നാമതൊരാൾ, ‘നിങ്ങൾ തികച്ചും അഹിംസാവാദിയാണെന്ന്. അതിനാൽ, ഏറ്റവും നല്ലത്, സ്വയം ഹിംസകനാവാതിരിക്കുകയാണ്. മറ്റുള്ളവർ നിങ്ങളെപ്പറ്റി എന്തു കരുതുമെന്നോർത്ത് വേവലാതിപ്പെടേണ്ടതില്ല. ■

*Published in September, January and May*
*Registered with the Registrar of Newspaper*
*for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by G. Rajeev on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 (Old 64,65) Greenways Road, Chennai-600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27, Neelakanta Mehta Street, T.Nagar, Chennai-600 017. Editor : K. Krishnamurthy*